പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3181 — 21.6.2013 ൽ മറുപടിയ്ക്ക്

<u>വയനാട്ടിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി</u>

ചോദ്യം — മറുപടി

ശ്രീ.എം.വി.ശ്രേയാംസ് കുമാർ — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വയനാട്ടിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ)2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ അംഗപരിമിതർക്കായി വയനാട്ടിൽ ഒരു തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ താമസംവിനാ കൈക്കൊള്ളുന്നതാണ്. |
| (ബി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ബ്ലോക്ക് പഞ്ചായത്തുകളുടെയും താഴെ തട്ടിലുള്ള എൻ.ജി.ഒ കളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) പദ്ധതി നടപ്പിലാക്കാനായി ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്ഥലം കണ്ടെത്തുന്നതിനും ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വെച്ചിട്ടുള്ള എൻ.ജി.ഒ യെ കണ്ടെത്തുന്നതിനും വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ